# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## അന്ന് ഇറച്ചി ആൽബി ഇന്ന് ബ്രദർ ആൽബി



എത്യോപ്യക്കാരന് നിറവും പുള്ളിപ്പുലിക്ക് വരയും മാറ്റാൻ കഴിയില്ലായിരിക്കാം. പക്ഷേ ദൈവത്തിന്റെ പരിശുദ്ധാത്മാവ് കടന്നുവരുമ്പോൾ എത്ര ഭീകരനായ മനുഷ്യന് പോലും മാനസാന്തരപ്പെടാൻ സാധിക്കും എന്നതിന്റെ ജീവിക്കുന്ന സാക്ഷ്യമാണ് ഒരുകാലത്ത് ആലപ്പുഴ ജില്ലയിൽ കുപ്രസിദ്ധനായിരുന്ന ഇറച്ചി ആൽബിയുടെ മനപ്പരിവർത്തനം.

ഒരിക്കൽ മനുഷ്യജീവനെ ചവിട്ടിമെതിച്ചു നടന്നിരുന്ന ഭീകരനായ കൊലപാതകിയും ഗുണ്ടയും അക്രമിയുമൊക്കെയായിരുന്ന ആൽബി ഇന്ന് ബ്രദർ ആൽബിനായി രൂപാന്തരപ്പെട്ടുകൊണ്ട് മാനവസേവയെ മാധവസേവയായി കൊണ്ടാടുകയാണ്. തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന അനേകർക്ക് അഭയകേന്ദ്രമായി മാറിയ ശാന്തിഭവന്റെ സ്ഥാപനത്തിലൂടെ ജീവകാരുണ്യത്തിന്റെ വഴികളിലൂടെ സഞ്ചരിക്കുകയാണ് ഇന്ന് ആ പഴയ ഗുണ്ട.

നാലായിരത്തി ഇരുനൂറ് ജയിൽ ദിനങ്ങൾക്കിടയിൽ എന്നോ സംഭവിച്ച അത്ഭുതകരമായ മാനസാന്തരമാണ് ആൽബിയുടെ ജീവിതത്തെ ഇന്ന് കാണുന്ന വിധത്തിലേക്ക് മാറ്റിമറിച്ചത്. വൈദികരും ജയിൽ മിനിസ്ട്രി പോലെയുള്ള സേവന സംഘടനകളുടെ നിസ്വാർത്ഥമായ പ്രവർത്തനങ്ങളും ഭാര്യയുടെയും മക്കളുടെയും കണ്ണീരിൽ കുതിർന്ന പ്രാർത്ഥനകളും ആൽബിന്റെ തമോഗർത്തങ്ങളായ ജീവിതത്തിന്മേൽ പ്രകാശകിരണങ്ങൾ ചൊരിയുവാൻ ദൈവം തിരുമനസ്സായ ചില നിയോഗങ്ങളായിരുന്നു.

മത്സ്യത്തൊഴിലാളിയായ മാത്യുവിന്റെയും റോസയുടെയും മകനായി ജനിച്ച ആൽബിയുടെ ജീവിതം സാധാരണ മത്സ്യത്തൊഴിലാളികളുടെ മക്കളുടേതു പോലെ തന്നെയായിരുന്നു. അപ്പൻ മരണമടയുന്നതുവരെ.. മാത്യുവിന്റെ മരണത്തെക്കുറിച്ച് ഇന്നും ആലപ്പുഴക്കാർക്കിടയിൽ ഭിന്നാഭിപ്രായങ്ങളാണുള്ളത്. മത്സ്യബന്ധനത്തിന് പോയപ്പോൾ വലയിൽ കുടുങ്ങി മരിക്കുകയാ യിരുന്നുവെന്ന് ഒരു കൂട്ടർ അഭിപ്രായപ്പെടുമ്പോൾ അതല്ല അതൊരു കൊലപാതകമായിരു ന്നുവെന്ന് മറ്റൊരു കൂട്ടർ അഭിപ്രായപ്പെടുന്നു. രണ്ടാമത്തെ കാരണത്തിലേക്ക് നയിക്കാവുന്ന ചില സൂചനകൾ തലേന്ന് കിട്ടിയതുകൊണ്ട് അപ്പന്റെ മരണം കൊലപാതകമായിരുന്നുവെന്ന് വിശ്വാസം ഇപ്പോഴും ആൽബിക്കുമുണ്ട്.

കോൺസ്റ്റബിൾ കരുണാകരൻ നായരെ വീട്ടിൽ കയറി വെട്ടി പരിക്കേല്പിച്ചതോടെ ആൽബി പോലീസുകാരുടെ ആജന്മശത്രുവായി മാറുകയായിരുന്നു. പോലീസുകാരുടെ സ്നേഹപ്രകടനങ്ങൾ അധികമായപ്പോൾ അതിൽ നിന്നുള്ള രക്ഷനേടലായിരുന്നു ആൽബിയെ തൃശ്ശൂരിലെത്തിച്ചത്. അവിടെ സമ്പന്നനായ ഒരു വൃദ്ധന്റെ പരിചരണം ഏറ്റെടുത്തു. പില്ക്കാലത്ത് അഗതികളെ പരിചരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന ബ്രദർ ആൽബിയായി മാറിയപ്പോൾ അതിനുള്ള ആദ്യ പരിശീലനം കിട്ടിയത് ഇവിടെ നിന്നായിരുന്നു എന്ന് കരുതുന്നതിലും തെറ്റില്ല.

അനുജൻ ജേക്കബ് കൊല്ലപ്പെട്ടു എന്ന വാർത്ത ആൽബിയെ തിരികെ ആലപ്പുഴയിലെത്തിച്ചു. ജീവിതം ആദ്യത്തേതിലും ക്രൂരമായ അനുഭവങ്ങളുടെ സംഘാതമായി മാറിയത് അവിടം മുതല്ക്കായിരുന്നു. സഹോദരിയെ അപമാനിച്ച മുഴമണിയനെ വെട്ടിമുറിവേല്പിച്ചത് അതിനുള്ള മുന്നൊരുക്കവും. എന്തു ചെയ്യാൻ, കഴിയുന്ന വിധത്തിലുള്ള ആസുരഭാവത്തിലേക്ക് ആൽബി അധ: പ്പതിക്കുകയായിരുന്നു. അതിനിടയിൽ ആ ക്രൂരതയെ രാഷ്ട്രീയക്കാരും സമർത്ഥമായി വിനിയോഗിച്ചു. ആൽബിയുടെ ക്രൂരത കൊണ്ട് ആലപ്പുഴക്കാരുടെ സൈ്വര്യജീവിതം പോലും തടസ്സപ്പെട്ട കാലം.

അതിനിടയിൽ ആൽബി വിവാഹിതനുമായി, പിതാവുമായി. ഭാര്യ മേരിയും മൂന്ന് മക്കളും ആൽബിയുടെ പീഡനങ്ങൾക്ക് തീരെ കുറച്ചൊന്നുമല്ല വിധേയരാകേണ്ടി വന്നത്. ശത്രുവിനെ വെട്ടി വീഴ്ത്തി ആ രക്തം മദ്യത്തിൽ ചേർത്തായിരുന്നു ആൽബിയുടെ സുരപാനീയോത്സവങ്ങൾ. ടേപ്പ് റിക്കോർഡർ കഴുത്തിൽ തൂക്കി ബലികുടീരങ്ങളെ എന്ന് പാട്ട് നാടൊട്ടുക്ക് കേൾപ്പിച്ചുകൊണ്ടാ യിരുന്നുവത്രെ ശത്രുവിനെ ഉന്മൂലനം ചെയ്യാനായുള്ള ആൽബിയുടെ യാത്രകൾ. സ്വസഹോദരനെ പോലും വെട്ടി പരിക്കേല്പിക്കാൻ തക്ക ക്രൂരത ആൽബിയുടെ മനസ്സിലുണ്ടായിരുന്നു.

എന്നാൽ സഹോദരൻ ആ തെറ്റ് ആൽബിയോട് ക്ഷമിച്ചു എന്ന് മാത്രമല്ല തനിക്ക് അപകടം പറ്റിയത് ആൽബി വഴിയല്ല എന്ന് മൊഴി നൽകുക കൂടി ചെയ്തതോടെ ആദ്യമായി ക്ഷമിക്കുന്ന സ്നേഹത്തിന്റെ കാറ്റ് ആൽബിയെ തൊട്ടു. ആൽബിയുടെ ശത്രുക്കളും അടങ്ങിയിരുന്നില്ല. അവർ ഒരു നാൾ ആൽബിയെയും നടുറോഡിൽ വെട്ടിവീഴ്ത്തി. ചിതറിത്തെറിക്കപ്പെട്ട മാംസകഷ്ണങ്ങളുമായി ജീവനുവേണ്ടി പിടയുമ്പോഴും ആൽബിയിൽ ആത്മധൈര്യമുണ്ടായിരുന്നു. അതുകൊണ്ടാണല്ലോ നിലവിളിച്ചോടിയെത്തിയ ഭാര്യയോട് അയാൾ ഇങ്ങനെ പറഞ്ഞത്. ഞാൻ മരിക്കുകയില്ല നീയെന്നെ ആരുടെ കാലുപിടിച്ചിട്ടാണെങ്കിലും ആശുപത്രിയിലെത്തിച്ച് ജീവൻ രക്ഷിക്കണം എന്ന്.

അതുവഴി വന്ന വെള്ള അംബാസിഡർ കാറിൽ കയറ്റിയാണ് അന്ന് മേരി ഭർത്താവിന്റെ ജീവൻ രക്ഷിച്ചത്. വലിയ കാര്യങ്ങൾക്ക് വേണ്ടി അയാളുടെ ജീവിതത്തെ തിരുത്തിയെഴുതി ഉപയോഗിക്കാൻ വേണ്ടി തന്നെയായിരുന്നു ദൈവം ആൽബിയുടെ ആയുസ് നീട്ടിക്കൊടുത്തത് എന്ന് തുടർന്നുള്ള സംഭവങ്ങൾ തെളിയിക്കുന്നു. വിവിധ കേസുകൾ, കൊലപാതകങ്ങൾ.. ഏതൊരു അക്രമിയുടെയും ജീവിതത്തിന്റെ അവസാനവഴികളിലേക്കെന്നോണം ആൽബിയുടെ മുമ്പിലും ഒരു വാതിൽ തുറന്നു ജയിലേക്കുള്ള വാതിൽ. പക്ഷേ അതവിടെ അടഞ്ഞുകിടന്നില്ല. ഏതു വാതിലിലൂടെ പ്രവേശിച്ചുവോ ആ വാതിലിലൂടെ പുറത്തേക്ക് വന്നത് പുതിയൊരു ആൽബിയായിരുന്നു. പുഴുവിൽ നിന്ന് പൂമ്പാറ്റയാകുന്നതു പോലെയുള്ള ഒരു പരിണാമം.

ജയിൽ മിനിസ്ട്രിയും വൈദികരുടെ ഉപദേശങ്ങളും ആൽബിയുടെ ജീവിതത്തെ മാറ്റിമറിക്കുകയായിരുന്നു. പിന്നെപ്പിന്നെ ആൽബി പരോളിലിറങ്ങിയത് ധ്യാനകേന്ദ്രങ്ങളിൽ ധ്യാനത്തിൽ സംബന്ധിക്കാനായിട്ടായിരുന്നു. അത്തരം യാത്രകളിൽ ദൈവം പ്രത്യേകമായി ആൽബിയെ സ്പർശിച്ചു. ഭാര്യയുടെയും മക്കളുടെയും കണ്ണീരിൽ കുതിർന്ന പ്രാർത്ഥനകൾക്ക് ദൈവം നൽകിയ മറുപടി പോലെ. ചെയ്തുപോയ പാപങ്ങൾ നിറഞ്ഞ ഭൂതകാലം ആൽബിയെ വേട്ടയാടി പാപബോധത്തിന്റെയും പശ്ചാത്താപത്തിന്റെയും ദിനരാത്രങ്ങൾ. ആൽബി ദൈവത്തോട് മാപ്പിരന്നു. ദൈവം അപാരമായ സ്നേഹത്തോടെ നഷ്ടപ്പെട്ടുപോയ ആ

കുഞ്ഞാടിനെയും തന്റെ തോളിലേറ്റി. 1997 ൽ നല്ല നടപ്പിന്റെ പേരിൽ ആൽബി ജയിൽ മോചിതനായി. 11 വർഷവും ആറ് മാസവും നീണ്ട ജയിൽ ജീവിതത്തിന് ശേഷം.

തന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തമായിട്ടാണ് ആൽബി ആതുരസേവനത്തിന് ഇറങ്ങിയത്. തെരുവുകളിൽ അലഞ്ഞുതിരിയുന്നവരെ കൂട്ടിക്കൊണ്ടുവന്ന് കുളിപ്പിക്കുകയും ഭക്ഷണം നൽകുകയും ചെയ്തിരുന്ന ആൽബിയുടെ രീതികളോട് യോജിച്ചുപോകാൻ ആദ്യം ഭാര്യക്ക് കഴിഞ്ഞിരുന്നില്ല. പക്ഷേ ദൈവം തന്നെയും അത്തരമൊരു ശുശ്രൂഷയിലേക്ക് ക്ഷണിക്കുകയാണെന്ന് വൈകാതെ മനസ്സിലായതോടെ മേരിയും ഭർത്താവിന് പിന്തുണയുമായി ചേർന്നുനിന്നു. ശാന്തിഭവൻ സർവ്വോദയ ചാരിറ്റബിൾ ട്രസ്റ്റ് എന്ന തെരുവിൽ അലഞ്ഞുതിരിയുന്ന മനോരോഗികൾക്കായുള്ള അഭയകേന്ദ്രത്തിന്റെ പിറവി അങ്ങനെയായിരുന്നു. ഇന്ന് ആ ട്രസ്റ്റിന്റെ തണലിൽ അനേക തെരുവുജീവിതങ്ങൾ ജീവിതത്തിന്റെ പച്ചപ്പ് അനുഭവിക്കുന്നു. വചനവും പ്രാർത്ഥനയും അതാണ് തന്റെ ഭർത്താവിനെ മാറ്റിമറിച്ചതെന്ന് മേരി പറയുന്നു. ഇറച്ചി ആൽബിയുടെ ജീവിതകഥ കനൽ കിരീടം എന്ന പേരിൽ സിനിമയായിട്ടുമുണ്ട്.